മത്സ്യത്തൊഴിലാളികളുടെ പെൻഷൻ പദ്ധതി

1134 [1710] ശ്രീ. സി. പി. മൂസ്സാൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക്, പെൻഷൻ പദ്ധതിപ്രകാരം എന്ത് തുകയാണ് നൽകാനുദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി എന്ത് തുക ചെലവാകും ?

ഉത്തരം

(എ) പ്രതിമാസം 75 രൂപ വീതം.

(ബി) പ്രതിവർഷം ഉദ്ദേശം 130.5 ലക്ഷം രൂപ ചെവലാകും. എന്ന് പ്രതീക്ഷിക്കുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട്

1135 [1711] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ എന്താണെന്ന് പറയുമോ ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമഫണ്ട് എന്നാണ് രൂപീകരിച്ചത് ; ഇതിനകം എത്ര പേർക്ക് പ്രസ്തുത ഫണ്ടിൽനിന്നും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി യും സി യും) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 26-1-1986-ൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി നിലവിൽ വന്നു. ഇന്നേവരെ 12 പേർക്ക് ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ നൽകി.

മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ

1136 [1712] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്കായി എത്ര വീടുകൾ നിർമ്മിച്ചു ;

(ബി) എത്ര വീടുകൾ നിർമ്മിക്കാനായിരുന്നു പരിപാടി ;

(സി) ഇതിൽ പണി പൂർത്തീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകിയവ എത്ര ?

ഉത്തരം

(എ) 6979
(ബി) 19,360
(സി) 6979

LIBRARY ARCHIVES Kerala Legislative Assembly